# സമഗ്ര ശിക്ഷ, കേരളം
## വാർഷിക മൂല്യനിർണയം 2021–22

exam WINNER

**ക്ലാസ് : 6** **സമയം: 2 മണിക്കൂർ**

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 9 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തെരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലെ എ, ബി, സി എന്നിങ്ങനെ നൽകിയിട്ടുള്ള എല്ലാ ഉപ ചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

**പ്രവർത്തനം – 1**


**സൽത്തനത്ത് ഭരണകാലത്ത് ഇന്ത്യയിൽ രൂപപ്പെട്ട പുതിയ വാസ്തുവിദ്യാശൈലിയാണ് ഇൻഡോ- ഇസ്ലാമിക് വാസ്തുവിദ്യാശൈലി.**

എ) ഈ ശൈലിയുടെ സവിശേഷതകൾ എഴുതുക.

ബി) ഇൻഡോ – ഇസ്ലാമിക് ശൈലിയിൽ ഇന്ത്യയിൽ നിർമ്മിക്കപ്പെട്ട രണ്ട് നിർമ്മിതികളാണ് നൽകിയിരിക്കുന്നത്. ഇവയുടെ പേരെഴുതുക?



A ....................




exam WINNER

B ....................

**പ്രവർത്തനം – 2**

**നൽകിയിരിക്കുന്ന രൂപരേഖകൾ നിരീക്ഷിക്കൂ.**




എ) ഡൽഹി, മറാത്ത എന്നീ പ്രദേശങ്ങൾ അധികാരകേന്ദ്രങ്ങളായി മാറുന്നതിന് സഹായിച്ച ഭൂമിശാസ്ത്രപരമായ സവിശേഷ… ്യാറാക്കുക.

exam WINNER

ബി) ഡൽഹി ആദ്യമായി അധികാരകേ… ഏത് രാജാക്കൻമാരുടെ കാലത്താണ്?

പ്രവർത്തനം – 3

നമുക്ക് അവകാശങ്ങൾ മാത്രമല്ല ഓരോ അവകാശത്തിനും അനുസൃതമായ കടമകളുമുണ്ട്.

എ) താഴെ നൽകിയിരിക്കുന്ന പട്ടികയിൽ വിട്ടുപോയ അവകാശങ്ങളും കടമകളും എഴുതി പൂർത്തീകരിക്കുക.


| | അവകാശങ്ങൾ | കടമകൾ |
|---|---|---|
| a) | ♦ റോഡിലൂടെ യാത്ര ചെയ്യുക എന്റെ അവകാശമാണ്. | ♦........................................................ |
| b) | ♦........................................................ | ♦ സ്കൂൾ നിയമങ്ങൾ അനുസരിക്കുക എന്റെ കടമയാണ്. |
| c) | ♦ വാർദ്ധക്യത്തിൽ സംരക്ഷണം മാതാപിതാക്കളുടെ അവകാശമാണ്. | ♦........................................................ |


ബി) സ്ത്രീകളുടെ അവകാശസംരക്ഷണത്തിനായി നിലകൊള്ളുന്ന വനിതാകമ്മീഷനുകളുടെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ എന്തെല്ലാം?

പ്രവർത്തനം – 4

ലോകത്തിലെ വൻകരകളിലെല്ലാം വ്യത്യസ്തങ്ങളായ കാലാവസ്ഥാമേഖലകൾ ഉണ്ട്. അതിനാൽ ജീവജാലങ്ങൾക്കും വ്യത്യസ്തതയുണ്ട്.

എ) താഴെ നൽകിയിരിക്കുന്ന ചിത്രങ്ങൾ ഏത് കാലാവസ്ഥാ മേഖലയിൽപ്പെടുന്നു എന്ന് എഴുതുക.

a)  [illegible]..................

b)  ഉഷ്ണമേഖല.....

 [illegible].....

exam WINNER®

ബി) ഏതെങ്കിലും ഒരു കാലാവസ്ഥാ മേഖലയുടെ സവിശേഷതകൾ എഴുതുക.

പ്രവർത്തനം – 5

**കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണാണ് കേരളത്തിലുള്ളത്. മഴയുടെ ലഭ്യതയും കൂടുതലാണ്.**

എ) കേരളത്തെ തമിഴ്നാടുമായി താരതമ്യം ചെയ്ത് തയ്യാറാക്കിയ പ്രസ്താവനകളിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുകയും ശരിയായവ എടുത്തെഴുതുകയും ചെയ്യുക?

(a) കേരളത്തിലും തമിഴ്നാട്ടിലും ഒരേയിനം മണ്ണിനങ്ങളാണ് കാണപ്പെടുന്നത്.

(b) മഴയുടെ ലഭ്യത കേരളത്തിനേക്കാൾ തമിഴ്നാട്ടിൽ കൂടുതലാണ്.

(c) കേരളത്തിന് കാർഷിക വൈവിധ്യം ഇല്ല.

ബി) താഴെ നൽകിയിരിക്കുന്നത് കേരളത്തിലെ ഒരു ഭൂപ്രകൃതി വിഭാഗത്തിന്റെ സവിശേഷതകളാണ്. ആ ഭൂപ്രകൃതി വിഭാഗം ഏതാണ് എന്നെഴുതുക?

- ♦ ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ കൂടുതൽ കൃഷിചെയ്യുന്ന ഇടം.
- ♦ റബ്ബർ കൃഷിക്ക് ഏറ്റവും അനുയോജ്യമായ ഇടം.

[ a) മലനാട് b) ഇടനാട് c) തീരപ്രദേശം ]

സി) കേരളത്തിൽ കാണുന്നതിൽ കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണിനം ഏതാണ്?

പ്രവർത്തനം – 6


**മുഗൾഭരണകാലത്ത് നിരവധി സഞ്ചാരികൾ ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്.**

എ) അക്കാലത്ത് ഇന്ത്യ സന്ദർശിച്ച ഫ്രഞ്ച് സഞ്ചാരി ആര്?

ബി) സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ മുഗൾഭരണകാലത്ത് നിലനിന്നിരുന്നു. നൽകിയിരിക്കുന്ന സൂചകങ്ങൾ ഉപയോഗിച്ച് മധ്യകാല ഇന്ത്യയിൽ നിലനിന്നിരുന്ന അസമത്വങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക?

- ♦ സാമൂഹിക പദവികൾ
- ♦ കൃഷി
- ♦ ആചാരങ്ങളും അനുഷ്ഠാനങ്ങളും
- ♦ അനാചാരങ്ങൾ

പ്രവർത്തനം – 7




എ) രണ്ടുപേരുടെയും അഭിപ്രായങ്ങൾ ശ്രദ്ധിച്ചല്ലോ. ഇതിൽ ആരുടെ അഭിപ്രായത്തോടാണ് നിങ്ങൾ യോജിക്കുന്നത്? എന്തുകൊണ്ട്?

ബി) വിഭവശോഷണം തടയുന്നതി... ...ക്കുക?

exam WiNNER


**പ്രവർത്തനം – 8**

**നിരവധി ഘടകങ്ങളുടെ പ്രവർത്തനഫലമായിട്ടാണ് ഉല്പാദനം നടക്കുന്നത്.**

എ) ഉല്പാദനത്തെ സഹായിക്കുന്ന ഘടകങ്ങളും അവയ്ക്ക് ലഭിക്കുന്ന പ്രതിഫലങ്ങളും ചുവടെ ചേർത്തിരിക്കുന്നു. A യ്ക്ക് അനുയോജ്യമായത് B യിൽ നിന്ന് കണ്ടെത്തി എഴുതുക.


| A | B |
|---|---|
| ഭൂമി | ലാഭം |
| തൊഴിൽ | പലിശ |
| മൂലധനം | കൂലി |
| സംഘാടനം | പാട്ടം |

ബി) 'ഭൂമി' എന്ന ഉല്പാദന ഘടകത്തിൽ ഏതെല്ലാം പ്രകൃതിവിഭവങ്ങൾ ഉൾപ്പെടുത്താം? പദസൂര്യൻ പൂർത്തിയാക്കുക.




**പ്രവർത്തനം – 9**

എ) അക്ഷാംശ രേഖാംശ രേഖകൾ അടയാളപ്പെടുത്തിയിട്ടുള്ള ഗ്ലോബാണ് ചുവടെ നൽകിയിരിക്കുന്നത്. അക്ഷാംശങ്ങളുടെ പേരുകൾ എഴുതുക.




ബി) ഭൂമിയിൽ ഒരു സ്ഥലത്തിന്റെ കൃത്യമായ സ്ഥാന നിർണ്ണയം നടത്തുന്നത് ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ്?